അന്വേഷണങ്ങൾ, നിരീക്ഷണം, വിശകലനം ഇങ്ങനെ വിവിധ ഘട്ടങ്ങളിലൂടെ യുക്തിസഹമായി കടന്നുപോകുന്നതാണ് നവീനമായ പഠനമേഖലകൾ. കല, സാഹിത്യം, സംസ്കാരം, ചരിത്രം, രാഷ്ട്രീയം, ഗോത്ര സംസ്കൃതി, ഗ്രാമീണപശ്ചാത്തലം, കൃഷി, ഭക്ഷണം, വിദ്യാഭ്യാസം, വ്യവസായം എന്നിങ്ങനെ ജീവിതത്തെ സംബന്ധിച്ച് സർവതലസ്പർശിയായി കടന്നുവരുന്ന ആശയങ്ങൾ പല സന്ദർഭങ്ങളിലും വിശകലനവും വിശദീകരണവും അർഹിക്കുന്നുണ്ട്. ഏതു മേഖലയിലുമുള്ള വൈജ്ഞാനിക പാരമ്പര്യമായാലും അതിൽ വിവേചനം പാലിക്കേണ്ടതില്ല. വൈവിധ്യമുള്ള ജീവിതവഴക്കങ്ങളെ മുൻനിർത്തി രൂപപ്പെടുത്തിയ 30 ലേഖനങ്ങളാണ് ശ്രീശങ്കരാചാര്യ സംസ്കൃതസർവകലാശാല പയ്യന്നൂർ കേന്ദ്രം മലയാളവിഭാഗത്തിന്റെ പ്രസിദ്ധീകരണമായ 'ചെങ്ങഴി'യുടെ ആദ്യലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്വന്തമായൊരു റിസർച്ച്ജേർണൽ എന്ന ദീർഘകാലമായുള്ള ഞങ്ങളുടെ ആഗ്രഹം ഇപ്പോൾ ഫലവത്താവുകയാണ്. വിവിധ സർവകലാശാലകളിലെയും കോളേജുകളിലെയും അധ്യാപകരും ഗവേഷകരും ഭാഷാസാങ്കേതികവിദഗ്ധരും ഒത്തുചേർന്നാണ് ഈ പ്രസിദ്ധീകരണം തയ്യാറാക്കിയിട്ടുള്ളത്.

'ചെങ്ങഴി' എന്ന പേര് മലയാളിക്ക് അപരിചിതമായി തോന്നിയേക്കാം. ഭാഷാസങ്കലനത്തെക്കുറിച്ച് പറയുന്ന വേളയിൽ മണിപ്രവാളലക്ഷണഗ്രന്ഥമായ ലീലാതിലകം 'സംസ്കൃതഭാഷയായ ചെങ്ങഴിനീരും പ്രാദേശികഭാഷയായ പിച്ചകമലരും' ഒരുമിച്ചുകെട്ടിയുണ്ടാക്കുന്ന കരമ്പകമാലയെക്കുറിച്ച് പരാമർശിക്കുന്നു. ശിവപൂജയ്ക്ക് മുഖ്യമായി ഉപയോഗിക്കുന്ന ചെങ്ങഴിനീരെന്ന ചുവന്ന ആമ്പലിന് മലയാളികളുടെ മനസ്സിൽ വലിയ സ്ഥാനമുണ്ട്. നീലത്താമരയെന്ന് അറിയപ്പെടുന്ന ഈ പൂവിന്റെ പശ്ചാത്തലവുമായി ബന്ധപ്പെട്ട് യാഥാർത്ഥ്യവും ഭാവനയും ഇടകലരുന്ന ഒട്ടേറെ കഥകൾ പ്രചാരത്തിലുണ്ട്. ലീലാതിലകകാലത്ത്, പതിനാലാം നൂറ്റാണ്ടിൽ, കേരളീയർക്ക് സുപരിചിതമായിരുന്ന ആ പേരിൽതന്നെ പ്രസിദ്ധീകരണം ആരംഭിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. ഭാഷയിലെ സുവിദിതമായ വാക്കുകൾ പോലും സംരക്ഷണമാവശ്യപ്പെടുന്ന പുതിയകാലത്ത് അന്യംനിന്നുപോകാനിടയുള്ള 'ചെങ്ങഴി'യെന്ന പദത്തെ കൂട്ടിയിണക്കിക്കൊണ്ട് ശ്രേഷ്ഠഭാഷയുടെ അതിരുകളില്ലാത്ത സാധ്യതകളെയും ലാവണ്യത്തെയും ഞങ്ങൾ ചേർത്തുനിർത്തുകയാണ്. ഗവേഷണപ്രധാനമായതും കാലികപ്രസക്തിയുള്ളതുമായ വിഷയങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന, തനതുലിപിയിലുള്ള, ഈ പ്രസിദ്ധീകരണത്തെ വായനാസമൂഹത്തിനു മുന്നിൽ അഭിമാനത്തോടെ സമർപ്പിക്കുന്നു.

പ്രൊഫ.വി. ലിസി മാത്യു
എഡിറ്റർ